"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്- ജീവനക്കാര്യം- വനം വകുപ്പ് ആസ്ഥാനത്തെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.ടി) ഓഫീസിലെ ഒരു ഡ്രൈവർ തസ്തിക കണ്ണൂർ ഫ്ലയിങ് സ്ക്വാഡ് ഡിവിഷനിലേക്ക് മാറ്റി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.126/2022/F&WLD തീയതി, തിരുവനന്തപുരം, 24-03-2022.

---

പരാമർശം:- ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 07.03.2022-ലെ ഇ2-15035/2014 നമ്പർ കത്ത്.

**ഉത്തരവ്**

വനവകുപ്പ് ആസ്ഥാനത്തെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.ടി)-യുടെ ഓഫീസിലെ ഒരു ഡ്രൈവർ തസ്തിക കണ്ണൂർ ഫ്ലയിങ് സ്ക്വാഡ് ഡിവിഷനിലേക്ക് സ്ഥിരമായി മാറ്റുന്നതിനുള്ള ശിപാർശ പരാമർശം പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. കണ്ണൂർ ഫ്ലയിങ് സ്ക്വാഡ് ഡിവിഷന്റെ പരിധിയിൽ കണ്ണൂർ, കാസർഗോഡ് ജില്ലകൾ ഉൾപ്പെടുന്നുണ്ടെന്നും, പരാതികളുടെ അന്വേഷണം, വ്യാജവാറ്റ് തടയൽ, വനം സംരക്ഷണ പ്രവർത്തനങ്ങളിലെ അഴിമതി തടയുക, മറ്റു നിയമവിരുദ്ധ പ്രവർത്തനങ്ങളുടെ കണ്ടെത്തൽ തുടങ്ങി നിരവധി ജോലികൾ ഫ്ലയിങ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിക്ഷിപ്തമാണെന്നും, രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തുന്ന വിഭാഗം ആയതിനാൽ ഫ്ലയിങ് സ്ക്വാഡ് ഡിവിഷനിൽ പ്രാദേശികമായി താത്ക്കാലിക ഡ്രൈവറെ നിയമിക്കുമ്പോൾ പല ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നും, ആയതിനാൽ വനവകുപ്പ് ആസ്ഥാനത്തെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.ടി)-യുടെ ഓഫീസിലെ ഒരു ഡ്രൈവർ തസ്തിക കണ്ണൂർ ഫ്ലയിങ് സ്ക്വാഡ് ഡിവിഷനിലേക്ക് സ്ഥിരമായി മാറ്റുന്നത് ഡിവിഷന്റെ സുഗമമായ പ്രവർത്തനത്തിന് ഗുണകരമാണെന്നും, ഇപ്രകാരം തസ്തിക മാറ്റുന്നത് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.ടി)-യുടെ ഓഫീസിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാൻ ഇടയില്ലെന്നും ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശയിൽ വ്യക്തമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. വനം വകുപ്പ് ആസ്ഥാനത്തെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.ടി)-യുടെ ഓഫീസിലെ ഒരു ഡ്രൈവർ തസ്തിക ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നത് വരെ കണ്ണൂർ ഫ്ലയിങ് സ്ക്വാഡ് ഡിവിഷനിലേക്കു മാറ്റി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലിയാ ലത്തീഫ് എ

അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഐ.ടി), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, ഓഡിറ്റ്, കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Noushad S**
**Date: 24-03-2022 17:23:14**
സെക്ഷൻ ഓഫീസർ.